"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി .ശ്രീല ഗോവിന്ദൻ - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.463/2024/AGRI തീയതി,തിരുവനന്തപുരം, 25-05-2024

പരാമർശം:-
1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 02/05/2024 തീയതിയിലെ ADFW/7070/2023-SD2 നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/05/2024 ലെ ADFW/7070/2023-SD2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ഓഫീസറായി 03/08/2011 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ശ്രീല ഗോവിന്ദൻ- ന്റെ പ്രൊബേഷൻ കാലയളവ് പൂർത്തിയാകേണ്ടിയിരുന്നത് 02/08/2013 അപരാഹ്നത്തിലാണെന്നും എന്നാൽ നാളിതുവരെ ടിയാൻ അക്കൗണ്ട്സ് ടെസ്റ്റ് (ലോവർ) പാസ്സായിട്ടില്ലെന്നും ടിയാളുടെ ജനനതീയതി 31/05/1971 ആയതിനാൽ ടിയാൾക്കു 30/05/2021 ന് 50 വയസ് പൂർത്തിയായിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് റൂൾസ് 13 (ബി) പ്രകാരം 50 വയസ് പൂർത്തിയായവർക്ക് വകുപ്പുതല പരീക്ഷയിൽ യോഗ്യത നേടുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ടെന്നും ആയതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് പൂർത്തിയാകുന്നത് 30/05/2021 അപരാഹ്നത്തിലാണെന്നും ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 03/08/2013 മുതൽ 02/08/2014 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും ആയതിനാൽ ശ്രീമതി .ശ്രീല ഗോവിന്ദൻ -ന്റെ പ്രൊബേഷൻ 31/05/2021 പൂർവ്വാഹ്നം മുതൽ പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി 03/08/2014 മുതൽ 01/06/2021 വരെ ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീമതി .ശ്രീല ഗോവിന്ദൻ - ന്റെ ടി തസ്തികയിലെ പ്രൊബേഷൻ , ടിയാളുടെ 50-ാം ജന്മദിന തീയ്യതിയായ 31/05/2021 പൂർവ്വാഹ്നം മുതൽ പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിലേക്കായി കെഎസ് &എസ്.എസ്.ആർ ഭാഗം II ചട്ടം 13 ബി യിലേയും , ചട്ടം 21 ലേയും , 25.07.2018 -ലെ റൂൾസ് - 1/235/2018/ഉ.ഭ.പ.വ നമ്പർ സർക്കുലറിലേയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 03/08/2014 മുതൽ 01/06/2021 ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി .ശ്രീല ഗോവിന്ദൻ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( AGRI-EA2/126/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ